**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2851** **03-08-2021 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | റെഗുലർ വിദ്യാഭ്യാസം വിവിധ കാരണങ്ങളാൽ അസാധ്യമായവർക്ക് അവസരം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള സാമ്പ്രദായിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വൈജ്ഞാനിക മേഖലകളിലും മെറിറ്റും സാമൂഹ്യനീതിയും ഗുണനിലവാരവും ഉറപ്പവരുത്തി ഉന്നത വിദ്യാഭ്യാസവും നൈപുണ്യവികസനവും ഉറപ്പാക്കുന്ന പാഠ്യപദ്ധതികളാണ് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രൂപകൽപ്പന ചെയ്യുന്നത്. ആധുനിക സാങ്കേതികശാസ്ത്ര വിദ്യ ഉപയോഗിച്ച് ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസവും നൈപുണ്യവികസനവും വിദൂര-വെർച്വൽ മാതൃകകളിൽ പ്രദാനം ചെയ്യാനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും മുഴുവൻ സമയ തൊഴിൽ എടുക്കുന്നവർക്കും വീട്ടമ്മമാർക്കും മുതിർന്നവർക്കും വിവിധ മേഖലകളി ലുള്ള യുജി, പിജി, സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകളിൽ പഠനം നടത്തി അറിവ് നേടാനുള്ള അവസരം ഇതിലൂടെ ഒരുങ്ങുന്നു. തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെയും നൂതന മേഖലകളിലെ സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകളിലൂടെയും ലഭ്യമാകുന്ന ആശയങ്ങൾ ഉൽപ്പാദന- സേവന മേഖലകളുടെ നവീകരണത്തിന് ഉതകുന്ന വിധമാണ് സർവ്വകലാശാല പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ഇല്ല |
| (സി) | ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല നിയമത്തിലെ ന്യൂനതകൾ കാരണം കേരളത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് ഓപ്പൺ | (സി) | ഇല്ല |

| | | | |
|---|---|---|---|
| | കോഴ്സുകളിൽ പഠനം ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; | | |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കാൻ നിയമ ഭേദഗതി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | ഓപ്പൺ കോഴ്സുകളിൽ പഠനാവസരം ഉറപ്പ് വരുത്തുവാൻ സർക്കാർ ശ്രദ്ധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ